# ചെമ്മീൻ

ആർ. രാജശ്രീ



ചെമ്മീൻ

ആർ. രാജശ്രീ

(മലയാളം: ചെറുകഥ)

© 2021, R. Rajasree

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Two-Faced Janus, a painting by David S. Soriano. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org


# ചെമ്മീൻ

സ്വപ്നത്തിൽ തങ്കമണിയുടെ മുടി മുരിങ്ങത്തിരിമാതിരി ചുരുണ്ടിട്ടായിരുന്നില്ല. അതു ചീകിയിട്ട വശത്തേക്ക് അനുസരണയോടെ ചെരിഞ്ഞു കിടന്നു. മുന്നിലെ സ്ഫടികമേശമേലിരുന്ന പാത്രങ്ങൾ വക്കപൊട്ടിയതോ പിടി പോയതോ ആയിരുന്നില്ല. കൂട്ടത്തിൽ വലിയ കണ്ണാടിപ്പാത്രത്തിൽ കുമിഞ്ഞിരുന്ന പൊളിച്ച ചെമ്മീനുകളെ തങ്കമണി അരുമയോടെ, അധികാരത്തോടെ തലോടി. സ്വപ്നത്തിൽ തങ്കമണിയുടെ വിരലുകൾ നീണ്ടു മെലിഞ്ഞു വെളുത്തിട്ടായിരുന്നു. ഒരു വിരൽ നീളത്തിൽ ഒടിച്ചുവെച്ചിരുന്ന ഈർക്കിൽ കഷണങ്ങളിലോരോന്നെടുത്ത് തങ്കമണി ഒരു ചെമ്മീന്റെ വാലറ്റം മുതൽ മേലറ്റം വരെ ദയയോടെ കോർത്തെടുത്തു. ഈർക്കിലിന്റെ ഔദാര്യത്തിൽ ഞെളിഞ്ഞിരുന്ന ചെമ്മീനെ മുട്ടവെള്ളയിൽ മുക്കി റൊട്ടിപ്പൊടിയിലുരുട്ടി എണ്ണയിലിട്ട് പൊരിക്കേണ്ടതാണെന്ന് അവൾ ക്യാമറയെ നോക്കി അറിയിച്ചു. പാചകപരിപാടിക്കിടയിലെ പരസ്യത്തിന്റെ സമയത്ത് എന്നത്തെയും പോലെ സ്വപ്നം മുറിഞ്ഞു പോവുകയും അവളുടെ നേർത്ത വിരലുകൾ അപ്രത്യക്ഷമാവുകയും മുടി ചുരുണ്ടു കയറുകയും ചെയ്തു. കയ്യിലേക്കു നോക്കാനൊരുമ്പെട്ട തങ്കമണിക്ക് അത് ദിവാകരൻ അധീനത്തിൽ വെച്ചിരിക്കയാണല്ലോ എന്ന് പെട്ടെന്നോർമ്മ വന്നു. അയാളുടെ ചുരുക്കം ചില ദൗർബല്യങ്ങളിലൊന്നായതു കൊണ്ട് കൈയിലെ ജീവൻ പിൻവലിച്ച് അവൾ ശ്വാസമടക്കിക്കിടന്നു. ദിവാകരനും പതിവു സ്വപ്നത്തിലായിരുന്നു. അതുപക്ഷേ, ഉണങ്ങാത്ത മുടിയുടെ മണമുള്ള തങ്കമണിയുടെ അരികിൽ ഒച്ചയുണ്ടാക്കാതെ വന്നുകിടക്കുന്നതിനും ഏറെ മുമ്പു തുടങ്ങിയിരുന്നു എന്നു മാത്രം.



ചുമരിനു നേരെ ചെരിഞ്ഞു കിടന്നിരുന്ന ദിവാകരൻ, അപ്പോഴും കാലുകൾ മണ്ണിൽ പുതയുന്നു. ഇലകൾ തമ്മിൽ കൂട്ടിത്തുന്നിയ വീട്ടിൽ സ്വസ്ഥമായിക്കഴിഞ്ഞിരുന്ന നീറ്ററുമ്പുകൾ ചവിട്ടടിയിൽ പെട്ട് പാതി ചതയുന്നു. ശേഷിച്ചവ പകയോടെ കാലുകളിലൂടെ തുടയിടുക്കിലേക്കും അരക്കെട്ടിലേക്കും പാഞ്ഞു കയറുന്നു. തൊലിയുടെ നിറം തിരിച്ചറിയാനാവാത്ത വിധം തിങ്ങിക്കൂടിയ രോമങ്ങളുടെ കടയിൽ കടിച്ചു തൂങ്ങുന്നു. ചവിട്ടുന്തോറും പുതയുന്ന മണ്ണും മണ്ണടിഞ്ഞു തുടങ്ങിയ ഇലക്കൂട്ടവും കഴുകിയിട്ടും പോവാതെ കാലിൽ പറ്റുന്നു.

നേർത്ത വെളിച്ചമുള്ളതായിരുന്നു സുജാതയുടെ വീട്. നിറയെ കായ്ച്ചുകിടക്കുന്ന പപ്പായമരങ്ങൾക്കിടയിൽ കിതപ്പു മാറാത്ത ഒരു പഴയമോട്ടോർ സൈക്കിൾ. വാതിലിനു താഴെ പുതുമ മാറാത്ത റബ്ബർ ചെരിപ്പുകൾ. സുജാതയുടെ ജനൽ ഒരിക്കലും അടഞ്ഞു കണ്ടിട്ടില്ല. നാട്ടിലെ പെണ്ണുങ്ങളെല്ലാം ഉറങ്ങുംമുമ്പ് ജനലുകൾ ഭദ്രമായി അടച്ചു കുറ്റിയിട്ടപ്പോൾ അവൾ മേലുകഴുകി വന്ന് ജനലുകൾ മലർക്കെ തുറന്നിട്ട് കിടക്കയിലേക്കു വീഴുന്നു. ഇലഞ്ഞിയുടെ മണം പുറത്തേക്കൊഴുകുന്നു. കൂട്ടിത്തുന്നിയ പഞ്ഞിത്തുണ്ടുകൾ പിടിവിട്ടകലുന്നതു പോലെ കിടക്കയിൽ അവൾ അഴിയുന്നു. ചിതറുന്നു. എത്ര വാരിക്കൂട്ടിയിട്ടും കിട്ടാതെ വിരലുകൾക്കിടയിലൂടെ ഊർന്നു പോകുന്നു. ഒറ്റത്തള്ളിനു തുറന്നു പോകുന്ന വാതിലിനപ്പുറം നാലാം കാലില്ലാത്ത മേശ ചേർത്തു വയ്ക്കുന്നു. പപ്പായക്കൂട്ടത്തിലെ പഴയ മോട്ടോർ സൈക്കിളിനെക്കുറിച്ച് ഒന്നും പറയാതിരിക്കുന്നു. കൂട്ടത്തിൽ നിന്ന് ഇടയ്ക്കിടെ കാണാതാവുന്നത് ആരെയാണ്? ഇല്ലാതാവുന്നത് ആരൊക്കെയാണ്? ദിവാകരന് ശ്വാസം മുട്ടി. അയാൾ കണ്ണു തുറന്നു. “നീ ഒറങ്ങ്വാ?” അയാൾ ചോദിച്ചു. തങ്കമണി മുരടനക്കി തിരിഞ്ഞു കിടന്നു. “ നിങ്ങളെപ്പഴാ വന്നു കെടന്നേ? നിങ്ങക്ക് ഈ മീറ്റിങ്ങൊക്കെ പകലാക്കിക്കൂടെ? രാത്രി എന്തിനാ പറമ്പ് നിറയെ നടക്കുന്നേ? പാമ്പ് കടിക്കാനാ?”



ഇലക്കൂട്ടത്തിനിടയിലൂടെ പാഞ്ഞു പോയ ഒരു തണുത്ത വരയുടെ ഓർമ്മ ദിവാകരനെ ഉലച്ചു കളഞ്ഞു. പപ്പായക്കൂട്ടങ്ങൾക്കിടയിൽ മോട്ടോർസൈക്കിൾ കിതയ്ക്കുന്ന ശബ്ദം വീണ്ടും കാതിൽ വീണു. റബ്ബർ ചെരിപ്പുകളുടെ അമർത്തിയ കരച്ചിൽ കേട്ടിരുന്നോ എന്ന് ഉറപ്പിക്കാൻ പറ്റിയില്ല.

“എന്നാലും അതെന്താ ദിവാകരേട്ടാ, ആ ചെരിപ്പം വണ്ടീം?” ഷാജി തോണ്ടി വിളിച്ചു. പപ്പൻ മേസ്തിരി എണീറ്റു മൂരി നിവർന്നു.

“അതറിഞ്ഞിട്ടെന്തിനാ നിനക്ക് പോണ്ടീറ്റാ?”

“അല്ല, പപ്പൻ മേസ്ത്രീടെ അല്ലാന്നറിഞ്ഞാ മതി”

ഷാജി വിട്ടില്ല, മേസ്തിരി അവന്റെ നേരെ കൈയോങ്ങി

“ഇതു ശരിയാവില്ല ദിവാകരാ”

വെയിറ്റിങ്ങ് ഷെഡിലെ ഇരുട്ടിൽ പപ്പൻ മേസ്തിരി പറഞ്ഞു.

“ഇതു നമുക്കൊന്നു പറയണ്ടേ ദിവാകരാ?”

നാരായണൻ മാഷ് ചോദിച്ചു.


“നാട്ടുകാർ ഇടപെടേണ്ട ഒരു സാഹചര്യമുണ്ടായാൽ അത് മോശാന്ന് നമ്മക്ക് പറയാലോ” മാഷ് ശബ്ദം താഴ്ത്തി.

“എന്തിനാണെന്റെ മാഷേ” കരീം ചിരിച്ചു. “എന്ത് സാഹചര്യം? സാഹചര്യം വേണങ്കി നമ്മക്ക് ഇപ്പ ണ്ടാക്കിക്കൂടേ?”

ദിവാകരൻ കരീമിന്റെ പുറത്തെ മാംസപേശികൾ ശ്രദ്ധിക്കുകയായിരുന്നു. തങ്കമണി ഒന്നമർത്തിപ്പിടിച്ചാൽ കുഴഞ്ഞു പോവുന്ന തരമല്ല അവയെന്നോർത്തപ്പോൾ വല്ലായ്മ തോന്നി. തുറന്നിട്ട ജനലിലെ വെളിച്ചത്തിൽ ഇരുണ്ടുറച്ച ഒരു മുതുകിൽ അള്ളിപ്പിടിക്കുന്ന കൈകളുടെ ഓർമ്മ നീറ്ററുമ്പു പോലെ ദിവാകരനെ പൊതിഞ്ഞു. അയാൾ കണ്ണുകൾ ഇറുക്കിയടച്ചു.

“നിങ്ങള് ഒറങ്ങ്വാ?” തങ്കമണി ചോദിച്ചു.

സ്വപ്നത്തിലെ പാചകപരിപാടിയെക്കുറിച്ച് ദിവാകരനോട് പറയുകയായിരുന്നു അവളുടെ ഉദ്ദേശ്യം. അയാളോട് പറയാതിരുന്ന ഒരു കാര്യവും തങ്കമണിയെ ഒരുപാടു കാലമൊന്നും അലട്ടിയിട്ടില്ല. എന്നാലു അതങ്ങ് പറഞ്ഞേക്കാമെന്ന് അവൾ വിചാരിച്ചു. അവൾ ചെമ്മീൻ എന്നു പറഞ്ഞു തുടങ്ങിയതും അവ്യക്തമായി ചില ശാപവാക്കുകൾ ഉരുവിട്ടു കൊണ്ട് ദിവാകരൻ ഒന്നുകൂടി തിരിഞ്ഞു കിടന്നു.



“നീ ഒറങ്ങ്വല്ലേ... നിന്റെ ഒറക്കം നടക്കട്ടെ” കിടക്കയിൽ ദിവാകരന്റെ ഇരുവശത്തേക്കും ദയനീയമായി കിടന്ന മുണ്ട് അവളെടുത്ത് അയാളുടെ ശരീരത്തിലേക്കിട്ടു

“നിങ്ങള് കോപ്പാട്ടാട്ടീന്ന് കേട്ടിട്ട്ണ്ടാ?” നാരായണൻ മാഷ് ചോദിച്ചു.

ആരും മിണ്ടിയില്ല.

“പേരുകേട്ടൊരുത്തിയാ. അവള് കിണറ്റിൽ വീണപ്പോൾ രക്ഷിക്കാനിറങ്ങിയവരെക്കൊണ്ട് കിണറു നിറഞ്ഞതു കാരണം പിന്നാലെ വന്നോര് അപ്രത്തെ കിണറ്റിൽ ചാടീന്നൊരു കഥയ്ണ്ട്.”

“നന്നായി” ഷാജി പറഞ്ഞു.

“ഇമ്മാതിരി കഥയൊന്നും സ്കൂളീന്ന പറഞ്ഞു തന്ന്റ്റില്ലല്ലോ. ഇങ്ങനെയൊക്കെയല്ലേ പറഞ്ഞു തരണ്ട്... ചെമ്പരത്തീന്റെ ഛേദല്ലാണ്ട് വേറെയെന്നാ അന്ന് ങ്ങള് പറഞ്ഞു തരല്?” ഷാജി കുനിഞ്ഞിരുന്ന് ചിരിക്കുകയാണെന്ന് മൊബൈലിന്റെ വെളിച്ചത്തിൽ ദിവാകരൻ കണ്ടെത്തി.

“നാളെയൊരു വാർപ്പ്ണ്ട്. അതിനു പോകണ്ട ഞാനാ ഇരുട്ടത്ത് വന്നിരിക്ക്ന്. നാളെ ഞാൻ ലേറ്റാവും മാഷേ...” പപ്പൻ മേസ്തിരി സങ്കടപ്പെട്ടു.

“എടോ പത്തിരുപത് കൊല്ലം മുമ്പ് ഞങ്ങളിതുപോലെ വന്ന് ഇരുട്ടത്ത് കുത്തിരുന്നിട്ടുണ്ട്. റിപ്പർ വിളയാട്ടത്തിന്റെ കാലത്ത്. രാത്രിക്ക് രാത്രി വീട്ടിൽ കേറി തലയ്ക്കടിച്ചിട്ടും, എന്താ ചെയ്യാ? ഞങ്ങളൊരുകൂട്ടം പേര് ഇവിടെ. ചെലര് കാവിന്റെ താഴെ റോഡില്, കുറച്ചാള് എല്ലാ വീട്ടിലും കേറാൻ... റിപ്പറെ കിട്ടീല്ലെങ്കിലും ആരെയെല്ലാം കിട്ടി ആ നടത്തിൽ? മഹാന്മാരെ ആരെയെല്ലാം?”

ഷാജി വലിയ താല്പര്യം കാണിച്ചില്ല. “അന്നത്തെ മഹാന്മാരല്ലേ, വിട്”

അണയുന്നതും ഒട്ടും അണയാത്തതും പൊടുന്നനെ പിടഞ്ഞുണരുന്നതുമായ വെളിച്ചങ്ങളിൽ ഉറങ്ങിയും ഉണർന്നും ക്ഷീണിച്ചു പോയ രാത്രികൾ ദിവാകരനിലേക്കും പകർന്നു. നാരായണൻ മാഷ് ഞരമ്പു തടിച്ച കാലുകൾ വെയിറ്റിങ്ങ് ഷെഡിലെ അരമതിലിലേക്കു നീട്ടി.

“രണ്ടു മൂന്നു ദിവസമായി ഒരു ചെമ്മീൻ കഥയും കൊണ്ട് തങ്കമണി നടക്ക്ന്ന്” മാഷ് പറഞ്ഞു.

ദിവാകരൻ അറിയാതെ ഒന്നു ഞെട്ടി. പിന്നെയാണ് മാഷുടെ വീട്ടിൽ ഒരു തങ്കമണി ടീച്ചറായുണ്ടല്ലോ എന്ന് ഓർത്തത്.

“ഞാനെവിടെയോ നിന്ന് ഒരു വലിയ ചെമ്മീൻ വാങ്ങി ഫ്രിഡ്ജിൽ വച്ചിട്ട്ണ്ട് ന്നാ ഓള് പറയ്ന്ന്, സ്വപ്നം കണ്ടതാവുംന്ന് ഞാനും പറഞ്ഞു. ഓൾക്ക് പിന്നേം തൊടങ്ങീട്ട്ണ്ടോന്നാണ്... കുറച്ചായിട്ട് വല്യ പ്രശ്നല്ലാണ്ട് പൊയ്ക്കോണ്ടിരുന്നതാ...”

“അത്തും പിത്തും തന്നെ മാഷേ...” വെയിറ്റിങ്ങ് ഷെഡിലെ ഇരുട്ടിൽ നിന്ന് പപ്പൻ മേസ്തിരിയുടെ ഒച്ച കേട്ടു. “എല്ലാടത്തും കണക്കന്നെ. എന്റട്ടത്തെന്താ അവസ്ഥ? ഓരോ ദിവസം ഓരോന്ന്...”

ഒച്ചയും വെളിച്ചവുമില്ലാതെ നീങ്ങിയ കുറേ നിമിഷങ്ങൾക്കു ശേഷം മോട്ടോർ സൈക്കിൾ സ്റ്റാർട്ടാവുന്ന ശബ്ദത്തിലേക്ക് ദിവാകരന്റെ മയക്കം മുറിഞ്ഞു.

“കരീംക്ക എവിടെ?” ഇരുട്ടിൽ ഷാജിയുടെ ചോദ്യം.

ആരും ഒന്നും മിണ്ടിയില്ല.

ഇരുട്ടിന്റെ മറവിൽ നടക്കുന്ന ഒളിപ്പോരുകളിൽ ഉരുണ്ടു പോകുന്ന തലകൾ ഉദ്ദേശിച്ചവ തന്നെയാവണമെന്നില്ല. ദിവാകരൻ മറ്റൊരു ഭാഷയിൽ സ്വയം പറഞ്ഞു. ഇരുട്ടിലാണ് തങ്കമണി ഒളിക്കാറ്. ഒളിച്ചൊളിച്ച് എല്ലാവരും ഇറങ്ങിപ്പോകുന്ന വാതിലുകൾ ഒന്നാണെന്നു മാത്രം.

“ന്നാപ്പിന്നെ ഒരു വെളിച്ചായിക്കൂടെ?” ഉരുണ്ടുറച്ച കൈകൊണ്ട് കത്തിച്ച മെഴുകുതിരി നീക്കിവെച്ചത് കരീമാണെന്നു കണ്ട് എല്ലാവരും കൂട്ടത്തോടെ ഞെട്ടി.

“പൊട്ടി വീണാ?” പകപ്പ് മറയ്ക്കാതെ ഷാജി ചോദിച്ചു.

“പോയാലോ ദിവാകരേട്ടാ വീട്ടില്?” ഒന്നും മിണ്ടാതെ സംഘം എഴുന്നേറ്റു.

അകലെ നിന്ന് മോട്ടോർ സൈക്കിളിന്റെ ഇരമ്പം വീണ്ടും കേട്ടു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അടുത്തു കൂടി പോകുമെന്നു തോന്നി ദിവാകരൻ അധീരനായി കണ്ണുകൾ മുറുക്കി അടച്ചു. പുതുമ മാറാത്ത റബ്ബർ ചെരിപ്പിട്ട് മുടിയഴിച്ചിട്ട് തങ്കമണി പഴയ മോട്ടോർ സൈക്കിളിൽ പാഞ്ഞു പോയത് അതുകൊണ്ടു തന്നെ അയാൾ കണ്ടില്ല. നാരായണൻ മാഷ് നോക്കിയുമില്ല.

□

# ആർ. രാജശ്രീ



1977 ജൂലായ് 22-ന് കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിൽ ജനിച്ചു. അച്ഛൻ പി. എൻ. രാജപ്പൻ മാസ്റ്റർ, അമ്മ ആർ. രാജമ്മ. ആനുകാലികങ്ങളിൽ കഥകളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ട് സ്ത്രീകളുടെ കത (മാതൃഭൂമി) നായികാനിർമ്മിതി: വഴിയും പൊരുളും (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്) അപസർപ്പകാഖ്യാനങ്ങൾ ഭാവനയും രാഷ്ട്രീയവും (ലോഗോസ്) എന്നിവയാണ് പുസ്തകങ്ങൾ. കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ട് സ്ത്രീകളുടെ കത എന്ന കൃതിയ്ക്ക് 2021-ലെ WTP Live പ്രഥമ നോവൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്. തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് മലയാള വിഭാഗം & ഗവേഷണ കേന്ദ്രത്തിൽ അദ്ധ്യാപിക. ജീവിത പങ്കാളി പരേതനായ ഡോ. എം. ജെ. ശ്രീകുമാർ. നന്ദ ശ്രീപാർവതി, നിരഞ്ജൻ ശ്രീപതി എന്നിവർ മക്കളാണ്.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രീകരണം: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014